പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2747 **28-10-2026-ൽ മറുപടിയ്ക്ക്**

കരാറുകാരുടെ കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയുടെ വിവിധ അറ്റകുറ്റപ്പണി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ബില്ലുകൾ മാറി പണം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാറുകാർക്ക് നൽകാനുള്ള ആകെ കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

2025 ഫെബ്രുവരി മുതൽ 2026 സെപ്റ്റംബർ വരെ കരാറുകാർക്ക് നൽകാനുള്ള ആകെ കുടിശ്ശിക 200.54 കോടി രൂപയാണ്.

(ബി) പണം ലഭിക്കുന്നതിലെ കാലതാമസം കാരണം നിലവിലുള്ള കരാറുകാർ പലരും അറ്റകുറ്റപ്പണി പ്രവൃത്തികൾ നിർത്തിവയ്ക്കുകയും പുതിയ കരാറുകാർ ടെൻഡറുകൾ ഏറ്റെടുക്കാൻ മുന്നോട്ടുവരാതിരിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

മറുപടി: കേരള വാട്ടർ അതോറിറ്റിയുടെ തുടർച്ചയായ ധനകമ്മി 2017-2018 സാമ്പത്തിക വർഷം മുതൽ അധിക പദ്ധതിയേതര വിഹിതത്തിന്റെ അഭാവം എന്നിവ കാരണം ഓപ്പറേഷൻ ആൻഡ് മെന്റനൻസ് വർക്കുകളുടെ ബില്ലുകൾ യഥാസമയം തീർപ്പുകല്പിക്കാൻ സാധിച്ചിട്ടില്ല.

കുടിവെള്ള വിതരണം വഴി ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയാണ് വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. ഉൽപ്പാദന ചെലവുമായി തട്ടിച്ച് നോക്കുമ്പോൾ വളരെ കുറഞ്ഞ നിരക്കിലാണ് കേരള ജല അതോറിറ്റി സംസ്ഥാനത്ത് കുടിവെള്ള വിതരണം നടത്തി വരുന്നത്. അതോറിറ്റിയുടെ പ്രാരംഭകാലം മുതൽക്കെ തന്നെയുള്ള റവന്യൂകമ്മി ഒരു പരിധി വരെ നികത്തിപോകുന്നത് കാലാകാലങ്ങളിൽ അനുവദിക്കുന്ന പദ്ധതിയേതരവിഹിതം കൊണ്ടാണ്. എന്നാൽ 2022-23, 2023-

24, 2024-25 കാലഘട്ടത്തിൽ നോൺ പ്ലാൻ ഗ്രാൻറ് അനുവദിച്ചതിൽ 667.41 കോടി രൂപയുടെ കുറവുണ്ടായി. നടപ്പു സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതത്തിൽ 100.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകൾ വഴിയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശികയായ 1405.76 കോടി രൂപ (719.17 + 529.91 + 156.68), കെ.എസ്.ഇ.ബി. ക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ തീർപ്പാക്കിയ 2068 കോടി രൂപയിൽ ക്രമപ്പെടുത്തിയിരുന്നു. വരുമാനത്തിൽ ഉണ്ടായ കുറവുകൾ അതോറിറ്റിയുടെ സാമ്പത്തിക നിലയെ സാരമായി ബാധിച്ചിട്ടുണ്ട്. O&M കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിലേക്കായുള്ള ധനാഭ്യർത്ഥന സർക്കാർ പരിശോധിച്ചു വരുന്നു.

നോൺ ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാറുകാരുടെ ഉൾപ്പെടെയുള്ള കുടിശ്ശിക സീനിയോറിറ്റി അനുസരിച്ച് തീർപ്പാക്കുന്നതാണ്.

(സി) റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥകൾ കൂടുതൽ ആകർഷകമാക്കാനും തടസ്സമില്ലാതെ അറ്റകുറ്റപ്പണികൾ മുന്നോട്ട് കൊണ്ടുപോകാനും കരാർ വ്യവസ്ഥകളിൽ ആവശ്യമായ ഇളവുകളോ മാറ്റങ്ങളോ വരുത്താൻ ആലോചിക്കുന്നുണ്ടോ?

മറുപടി: സർക്കാർ ഉത്തരവുകളിലെയും PWD മാനുവലിലെയും വ്യവസ്ഥകൾ പ്രകാരമാണ് കേരള വാട്ടർ അതോറിറ്റിയുടെ അറ്റകുറ്റപ്പണികൾ ടെൻഡർ ചെയ്ത് നടപ്പിലാക്കുന്നത്. കരാർ വ്യവസ്ഥകളിൽ ഇളവുകളോ മാറ്റങ്ങളോ വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ